(സി) മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് ലഭ്യമാക്കാൻ ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിന്റെ സ.ഉ. (ആർ.റ്റി)782/15/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഡോ. മുഹമ്മദ് അഷീലിനെ സൈലിന്റെ സ്റ്റേറ്റ് നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

വാഹനാപകടങ്ങളിൽപ്പെടുന്നവരെ പ്രാഥമിക ചികിത്സ നൽകി ഉടൻ തന്നെ ആശുപത്രികളിൽ എത്തിക്കുന്നതിന് വേണ്ടി ട്രോമകെയർ ട്രെയിനിംഗ്, ബന്ധപ്പെട്ട മെഡിക്കൽ കോളേജിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ പോലീസ് സേനാംഗങ്ങൾക്ക് നൽകുന്നുണ്ട്. റോഡപകടങ്ങൾ ഉണ്ടായാൽ ഉടൻ തന്നെ സ്ഥലത്ത് എത്തി പ്രഥമ ശുശ്രൂഷയും അടിയന്തര വൈദ്യസഹായവും ലഭ്യമാക്കുന്നതിന് ഹൈവേ പട്രോൾ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. അപകടങ്ങളെക്കുറിച്ചുള്ള വിവരം അറിയിക്കുന്നതിനുവേണ്ടി 1099 എന്ന ട്രോൾ ഫ്രീ നമ്പർ പ്രവർത്തിച്ചുവരുന്നു.

മാഫിയകളെ അമർച്ച ചെയ്യുന്നതിന് നടപടി

190 (1934) ശ്രീ. വർക്കല കഹാർ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. ആർ . സെൽവരാജ് :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാഫിയകളെ അമർച്ച ചെയ്യുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്. ഓപ്പറേഷൻ കുബേര, ഓപ്പറേഷൻ സുരക്ഷ എന്നീ പദ്ധതികളിലൂടെ സംഘടിത സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ, ബ്ലേഡ് മാഫിയകൾ, മണൽ മാഫിയകൾ എന്നിവരുടെ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബ്ലേഡ് മാഫിയകൾ, അമിത പലിശക്കാർ, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിവിധ തരം ചൂഷണങ്ങളിൽ നിന്ന് സമൂഹത്തിലെ സാധാരണ ജനങ്ങൾക്ക് സംരക്ഷണം നൽകുകയാണ് 'ഓപ്പറേഷൻ കുബേര' പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

സമൂഹത്തിൽ മയക്കുമരുന്ന് വിപണനം, കള്ളവാറ്റ്, കഞ്ചാവ് എന്നിവയുടെ വിപണനം നടത്തുന്നവർ, നിരോധിത സ്റ്റോടക വസ്തുക്കളുടെ ഉപയോഗം/വ്യാപാരം നടത്തുന്നവർ, സമൂഹത്തിലെ സ്ഥിരം കുറ്റവാളികൾ, ഗുണ്ടകൾ എന്നിവരെ നിരീക്ഷിച്ച് അവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുക വഴി ഇത്തരം അനധികൃത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്ത് ഇത്തരം കുറ്റവാളികളുടെ പ്രവർത്തനങ്ങൾ സമൂഹത്തിൽ ഇല്ലാതാക്കുകയും ചെയ്യുക എന്നതാണ് 'ഓപ്പറേഷൻ സുരക്ഷ' പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(സി) ഇതുപ്രകാരം യഥാസമയം റെയ്ഡുകൾ നടത്തി കുറ്റവാളികൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കർശന നിരീക്ഷണങ്ങളും രഹസ്യാന്വേഷണങ്ങളും നടത്തിവരുന്നു. പ്രസ്തുത പദ്ധതികളെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകിവരുന്നുണ്ട്.

മുഹമ്മദ് ഫൈസലിന്റെ പരാതി

191 (1935) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പോലീസ് സ്റ്റേഷനിൽ 160672/2015 നമ്പർ പ്രകാരം രജിസ്റ്റർ ചെയ്ത മുഹമ്മദ് ഫൈസലിന്റെ പരാതിയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പരാതി ഇടറന്വേഷണത്തിനായി സൈബർ സെല്ലിലേയ്ക്ക് അയച്ചു കൊടുത്തിരുന്നോ എന്നറിയിക്കാമോ;

(സി) എങ്കിൽ അതിൽ സൈബർ സെൽ നടത്തിയ അന്വേഷണ പുരോഗതി വെളിപ്പെടുത്താമോ;

(ഡി) നഷ്ടപ്പെട്ട വസ്തുക്കൾ സംബന്ധിച്ച് എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കണ്ടെത്തുന്നതിന് ഊർജ്ജിത ശ്രമങ്ങൾ നടത്തുമോ?

ഉത്തരം

(എ) ശ്രീ. മുഹമ്മദ് ഫൈസൽ എന്നയാളുടെ മൊബൈൽ ഫോൺ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട പരാതി മലപ്പുറം പോലീസ് സ്റ്റേഷനിൽ

1436/2018.

LIBRARY ARCHIVES Kerala Legislative Assembly